(ഡി) ഉണ്ടെങ്കിൽ അവയെക്കുറിച്ചുള്ള ഗവണ്മെൻറിന്റെ നയം എന്താണ് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ശുപാർശകൾ ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

(ബി) ആ നിർദ്ദേശങ്ങളെ അനുഭാവമായിട്ടാണ് നാഗർകോവിൽ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ആലുവാ, എറണാകുളം, മട്ടാഞ്ചേരി, ഇരിഞ്ഞാലക്കുട എന്നീ സ്ഥലങ്ങളിൽ 'എ' ക്ലാസ്സ് സബ്ജയിലുകൾ തുറന്നിട്ടുള്ളത്. മീനച്ചിൽ സബ്ജയിൽ ഈ സാമ്പത്തികവർഷം തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ തൃശ്ശൂർ സബ്ജയിൽ നിർത്തുകയും അതു വിയ്യൂർ സെൻട്രൽ ജയിലിന്റെ ഒരു പ്രത്യേക ബ്ലാക്കിൽ ഉൾപ്പെടുത്തുകയും ചെയ്തു. ജയിൽവാസാനന്തരം പുറത്തു വരുന്നവരുടെ ഉന്നത്തിനുവേണ്ടി 'ആഫ്ട്ടർ കെയർ അസ്സോസിയേഷൻ' രൂപീകരിക്കപ്പെട്ടു: നിക്കറിനും കവിത വരയുള്ള ഷർട്ടിനും പകരം വെളുത്ത മുണ്ടും ഷർട്ടും തടവുകാർക്കു കൊടുക്കുവാൻ ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അവ ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

പഞ്ചായത്തുകൾ.

* 258. [34] ശ്രീ. പി. നാരായണൻ പോറ്റി : താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴുള്ള പഞ്ചായത്തുകളുടെ കാലാവധി എന്നവസാനിക്കും ;

(ബി) അടുത്ത പഞ്ചായത്തു തിരഞ്ഞെടുപ്പുകൾ എന്നു നടത്താനാണ് ഗവണ്മെൻറുദ്ദേശിക്കുന്നത് ;

(സി) ഇപ്പോൾ പഞ്ചായത്തു പ്രവർത്തനം വ്യാപിച്ചിട്ടില്ലാത്ത സ്ഥലങ്ങൾ ഈ സ്റ്റേറിലുണ്ടെങ്കിൽ അടുത്ത തിരഞ്ഞെടുപ്പ് ആകുമ്പോഴേക്കും അവിടെ കൂടി പഞ്ചായത്തംകമ്മറ്റിയുടെ വ്യാപ്തി പ്രാബല്യത്തിൽ വരുത്തുവാനും വേണ്ട നടപടികൾ സ്വീകരിക്കണമെന്നു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഇപ്പോഴുള്ള പഞ്ചായത്തുകളുടെ കാലാവധി 1956 ജൂലായ് 5-ാംതീയതി അവസാനിക്കുന്നതാണ്.

(ബി) അടുത്ത പഞ്ചായത്തു തിരഞ്ഞെടുപ്പ് എന്നു നടത്തണമെന്നകാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

(സി) നേരത്തെയുള്ള പ്രസിദ്ധീകരണമനുസരിച്ച് ഇപ്പോൾ പഞ്ചായത്തു പ്രവർത്തനം വ്യാപിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ അടുത്ത പഞ്ചാ

LIBRARY ARCHIVES Kerala Legislative Assembly

യത്തു തിരഞ്ഞെടുപ്പിനു മുമ്പായിത്തന്നെ പഞ്ചായത്തുകൾ രൂപീകരിക്കണമെന്നാണു് ഗവണ്മെൻറിന്റെ ഉദ്ദേശം. അതിനുവേണ്ട നടപടികൾ എടുത്തു വരികയാണു്.

STARRED QUESTIONS POSTED FOR ANSWER ON 8-3-1956.

റിസർവു വനത്തിൽനിന്നും പച്ചില, ഈറ മുതലായവയുടെ ശേഖരണം.

* 259 [40] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസർവു വനത്തിൽനിന്നും പച്ചിലവളം, കരിയില തുടങ്ങിയവ ശേഖരിക്കാൻ കൃഷിക്കാർക്കും ഈറ, ചൂരൽ, മുള തുടങ്ങിയവ ശേഖരിക്കാൻ പണ്ടു്, കട്ട മുതലായവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകത്തൊഴിലാളികൾക്കും പാസ്സു നൽകി വരുന്നുണ്ടോ ;

(ബി) ഏതു വ്യവസ്ഥകളിന്മേലാണു് പാസ്സുകൾ നൽകുന്നതെന്നു പറയുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) റിസർവു വനത്തിൽനിന്നും പച്ചില വളവും കരിയിലയും ശേഖരിക്കുന്നതിനു് കൃഷിക്കാർ ആവശ്യപ്പെട്ടാൽ പാസ്സു് കൊടുക്കാറുണ്ടു്. ഈറ, ചൂരൽ, മുള മുതലായതു് ശേഖരിക്കുന്നതിനു് കർഷകത്തൊഴിലാളികൾക്കും പാസ്സു് കൊടുക്കുന്നുണ്ടു്.

(ബി) മേൽ വിവരിച്ച സാധനങ്ങൾക്കുള്ള സീനിയറേജു വില റോഞ്ചോഫീസ്സിൽ ഒടുക്കി പാസ്സു് വാങ്ങണം. തന്നതാവശ്യത്തിനു് മറ്റു വ്യവസ്ഥകൾ ഒന്നും ഇല്ല. വ്യവസായങ്ങൾക്കും മറ്റും വേണ്ടി കൂടുതൽ ആവശ്യപ്പെട്ടാൽ പാവ്വ്തൃകാരുടെയോ തഹസീൽദാരുടെയോ സർട്ടിഫിക്കേറ്റു് ഹാജരാക്കേണ്ടി വരും.

സിലോണിൽ നിന്നും പിരിച്ചയയ്ക്കുന്ന തിരുവിതാംകൂർ–കൊച്ചിക്കാർ.

* 260. [44] ശ്രീ. തലേക്കര കുഞ്ഞൻ : താഴെപറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സിലോണിൽനിന്നും നിർബന്ധമായി പിരിച്ചയക്കപ്പെട്ടന്ന തിരുവിതാംകൂർ–കൊച്ചിക്കാരെ പുനരധിവാസം ചെയ്യുവാൻ എന്തു നടപടിയാണു് ഗവണ്മെൻറു് എടുത്തു വരുന്നതു് ;

(ബി) അവരെ പുനരധിവാസം ചെയ്യുന്ന പ്രശ്നം കേന്ദ്രഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഈ ഗവണ്മെൻറു് വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) സിലോണിൽനിന്നും പിരിച്ചയക്കപ്പെട്ടന്ന തിരുവിതാംകൂർ–കൊച്ചിക്കാരുടെ പുനരധിവാസക്കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്.

(ബി) ഇതേപ്പറ്റി കേന്ദ്രഗവണ്മെൻറുമായി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly